"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് ജീവനക്കാരുടെ പുനർവിന്യാസം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1803/2023/LSGD തീയതി,തിരുവനന്തപുരം, 12-09-2023

---

പരാമർശം:-

1. സഉ(എം.എസ്) നം 9/2022/ഉഭപവ ,തീയതി 25.05.2022
2. സ.ഉ.(എം.എസ്) നം. 134/2023/LSGD തീയതി 25/06/2022
3. സ.ഉ.(അച്ചടി) നം. 74/2022/LSGD തീയതി 27/10/2022.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2023-ലെ LSGD/PD/48113/2023-A3 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം(1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ പഞ്ചായത്ത് പെർഫോമൻസ് ഓഡിറ്റ് വിംഗ് നിർത്തലാക്കിയിരുന്നതിനെ തുടർന്ന് 6 6 പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറി തസ്തികകളെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരായി പുനർനാമകരണം ചെയ്യുകയും, 3 ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികകൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലും ബാക്കി 63 തസ്തികകൾ ജില്ലാ ഓഫീസുകളിലും വിന്യസിക്കുകയും ചെയ്തിരുന്നു. തുടർ ന്ന് പെർഫോമൻസ് ഓഡിറ്റ് വിംഗിൽ അവശേഷിക്കുന്ന 137 ജൂനിയർ സൂപ്രണ്ടുമാരേയും , 147 സീനിയർ ക്ലാർക്കുമാരേയും 76 ഓഫീസ് അറ്റന്റന്റുമാരേയും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ പുനർ വിന്യസിക്കുന്നതിനായി പരാമർശം(4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, പ്രവർത്തനം നിർത്തലാക്കിയ പഞ്ചായത്ത് പെർഫോമൻസ് ഓഡിറ്റ് വിംഗിലെ 137 ജൂനിയർ സൂപ്രണ്ട്, 147 സീനിയർ ക്ലാർക്ക്, 76 ഓഫീസ് അറ്റന്റന്റ് തസ്തികകളിലെ ജീവനക്കാരെ, ടി തസ്തികകളോടൊപ്പം ചുവടെപ്പറയും പ്രകാരം പുനർവിന്യസിച്ച് ഉത്തരവാകുന്നു.

1. പെർഫോമൻസ് ഓഡിറ്റ് വിംഗിൽ അവശേഷിക്കുന്നതിൽ 30 ജൂനിയർ സൂപ്രണ്ട് തസ്തികകളിലേയും, 4 0 സീനിയർ ക്ലർക്ക് തസ്തികകളിലേയും, 15 ഓഫീസ് അറ്റന്റന്റ് തസ്തികകളിലേയും ജീവനക്കാരെ നിലവിലുള്ള ഇന്റേണൽ വിജിലൻസ് സംവിധാനത്തിൽ **അനുബന്ധം(I)** പ്രകാരം പുനർവിന്യസിക്കേണ്ടതാണ്.
2. ഇന്റേണൽ വിജിലൻസ് വിംഗിൽ വിന്യസിച്ചതിനുശേഷം ബാക്കിയുള്ള 107 ജൂനിയർ സൂപ്രണ്ടുമാരിൽ 76 പേരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിലേക്ക് **അനുബന്ധം(II)** പ്രകാരം പുനർവിന്യസിക്കേണ്ടതാണ്.
3. മേൽ പ്രകാരം പുനർവിന്യാസത്തിന് ശേഷം അവശേഷിക്കുന്ന 31 ജൂനിയർ സൂപ്രണ്ട് / 107 സീനിയർ

ക്ലാർക്ക്/ 61 ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ജീവനക്കാരെ നഗരസ്വഭാവമുള്ളതും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതുമായ ഗ്രാമ പഞ്ചായത്തുകളിൽ പുനർവിന്യസിക്കേണ്ടതാണ്.

4. മേൽ വിന്യസിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നിലവിൽ ചെയ്തു വരുന്നപോലെ അതാത് ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകളിലെ പഞ്ചായത്ത് വിഭാഗത്തിന്റെ ശീർഷകം മുഖേന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് തുടർന്നും അനുവദിക്കാവുന്നതാണ്.

**അനുബന്ധം I**

| | **ജില്ലയുടെ പേര്** | **ഇന്റേണൽ വിജിലൻസ് സംവിധാനത്തിൽ നിയമിക്കുന്ന ജീവനക്കാരുടെ എണ്ണം** | | | | |
|---|---|---|---|---|---|---|
| | | **ഐ.വി.ഒ** | **ജൂനിയർ സൂപ്രണ്ട്** | **ക്ലാർക്ക്** | **ഓഫീസ് അറ്റന്റന്റ്** | **ആകെ** |
| | | | | | | |
| 1. | പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം | 3 | 3 | 3 | 1 | 10 |
| 2. | തിരുവനന്തപുരം | 5 | 2 | 3 | 1 | 11 |
| 3. | കൊല്ലം | 5 | 2 | 3 | 1 | 11 |
| 4. | പത്തനംതിട്ട | 3 | 2 | 2 | 1 | 8 |
| 5. | ആലപ്പുഴ | 5 | 2 | 3 | 1 | 11 |
| 6. | കോട്ടയം | 4 | 2 | 2 | 1 | 9 |
| | | | | | | |
| 7. | ഇടുക്കി | 3 | 2 | 2 | 1 | 8 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 8. | എറണാകുളം | 6 | 2 | 3 | 1 | 12 |
| 9. | തൃശ്ശൂർ | 6 | 2 | 3 | 1 | 12 |
| 10. | പാലക്കാട് | 5 | 2 | 3 | 1 | 11 |
| 11. | മലപ്പുറം | 6 | 2 | 3 | 1 | 12 |
| 12. | കോഴിക്കോട് | 5 | 2 | 3 | 1 | 11 |
| 13. | വയനാട് | 2 | 1 | 2 | 1 | 6 |
| 14. | കണ്ണൂർ | 5 | 2 | 3 | 1 | 11 |
| 15. | കാസറഗോഡ് | 3 | 2 | 2 | 1 | 8 |
| | ആകെ | **66** | **30** | **40** | **15** | **151** |

## അനുബന്ധം II

| ക്രമ നം. | ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | അമ്പൂരി, കള്ളിക്കാട്, കാഞ്ഞിരംകുളം, കിളിമാനൂർ, കുറ്റിച്ചൽ, മടവൂർ, ഒറ്റശേഖരമംഗലം, പനവൂർ, പൂവ്വാർ, തിരുപുറം |
| 2 | കൊല്ലം | മൺട്രോതുരുത്ത്, പട്ടാഴി വടക്കേക്കര, പേരയം |
| 3 | പത്തനംതിട്ട | ആനിക്കാട്, നെടുമ്പ്രം, റാന്നി അങ്ങാടി, തുമ്പമൺ |
| 4 | ആലപ്പുഴ | മുതുകുളം, പെരുമ്പളം, വീയപുരം, വെളിയനാട്, കടക്കരപ്പള്ളി, തകഴി, മുട്ടാർ, പാണ്ടനാട് |
| 5 | കോട്ടയം | കൊഴുവനാൽ, മീനടം, മേലുകാവ്, മൂന്നിലാവ്, പൂഞ്ഞാർ, റ്റി.വി. പുരം, തീക്കോയി, തലനാട്, തലപ്പാലം, തലയാഴം വെളിയന്നൂർ |
| 6 | ഇടുക്കി | ആലക്കോട്, അയ്യപ്പൻകോവിൽ, ബൈസൺവാലി, ഇടവെട്ടി, ഇരട്ടയാർ, കരിംകുന്നം, കോടിക്കുളം, കൊക്കയാർ, മണക്കാട്, കുമാരമംഗലം, മാങ്കുളം, മരിയാപുരം, മുട്ടം, പുറപ്പുഴ, വെള്ളിയാമറ്റം, കാന്തല്ലൂർ, കടയത്തൂർ |
| 7 | എറണാകുളം | എടയ്ക്കാട്ടുവയൽ, കുഴപ്പിള്ളി, അയ്യമ്പുഴ, വാരപ്പെട്ടി |
| 8 | തൃശ്ശൂർ | വല്ലച്ചിറ, പൂമംഗലം, ഒരുമനയൂർ |
| 9 | പാലക്കാട് | എലവഞ്ചേരി, എരുത്തേമ്പതി, മലമ്പുഴ, പട്ടഞ്ചേരി, പൊൽപ്പുള്ളി, പുതുക്കോട്, വെള്ളിനേഴി |
| 10 | മലപ്പുറം | പെരുമണ്ണക്ലാരി, തുവ്വൂർ, തെന്നല |
| 11 | കോഴിക്കോട് | കൂത്താളി |

| | | |
|---|---|---|
| 12 | വയനാട് | വേങ്ങപ്പള്ളി, തരിയോട് |
| 13 | കാസറഗോഡ് | ബെള്ളൂർ, കുമ്പഡാജെ, വലിയപറമ്പ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ ഓഫീസ് കോപ്പി (EPB1/103/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 12-09-2023 16:31:16

സെക്ഷൻ ഓഫീസർ